പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: **633**</u>

10.07.2014 -ൽ
<u>മറുപടിയ്ക്ക്</u>

## <u>പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ</u>

<u>ചോദ്യം</u>

ശ്രീ. കെ.വി. വിജയദാസ്
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. വി. ചെന്താമരാക്ഷൻ

<u>ഉത്തരം</u>

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;

(എ) 2011-ലെ കേരള പ്ലാച്ചിമട കൊക്കക്കോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ 24.02.2011-ൽ നിയമസഭ പാസ്സാക്കിയിട്ടുള്ളതും രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിയ്ക്കുമായി 29.03.2011-ൽ ബഹു. ഗവർണർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുള്ളതും കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാരിന്റെ വിശദീകരണം കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ബിൽ ഇപ്പോൾ രാഷ്ട്രപതിയുടെ അനുമതിയ്ക്കായി കേന്ദ്രസർക്കാരിൽ നിലവിലുണ്ട്.

(ബി) ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ വിശദീകരിക്കുമോ ;

(ബി) പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാരിന്റെ വിശദീകരണം 17.11.2011, 03.07.2012, 21.11.2013 എന്നീ തീയതികളിലെ കത്തുകൾ മുഖേന ബഹു. ഗവർണറുടെ ഓഫീസിലേക്ക് അയച്ചിട്ടുള്ളതും അവ ബഹു. ഗവർണറുടെ ഓഫീസിൽ നിന്നും സംസ്ഥാന സർക്കാരിന്റെ വിശദീകരണവുമായി അതതു സമയം കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുള്ളതും അവസാനമായി ബഹു. ഗവർണറുടെ ഓഫീസിലെ 24.12.2013-ലെ കത്തുമുഖേന കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

| | |
|---|---|
| (സി) മുൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ കാരണമാണ് ബില്ലിന്മേലുള്ള തീരുമാനം വൈകിയതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | (സി) അങ്ങനെയൊരാക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഡി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന സർക്കാർ പുതിയ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടിരുന്നോ ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) സംസ്ഥാന പാർലമെന്റ് അംഗങ്ങൾ മുഖേന ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ